# പതിമൂന്നാം കേരള നിയമസഭ

## 16-ാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2283** — **18.02.2016-ൽ മറുപടിയ്ക്ക്**

## ബയോമെഡിക്കൽ വേസ്റ്റ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.ഹംസ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) സ്വകാര്യ/സർക്കാർ ആശുപത്രികളിൽ നിന്നും പുറന്തള്ളപ്പെടുന്ന ബയോ മെഡിക്കൽ വേസ്റ്റ് സുരക്ഷിതമായല്ല സംസ്കരിക്കുന്നത് എന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) യും (ബി) യും ഇല്ല. സംസ്ഥാനത്തെ 5702 സ്വകാര്യ/ സർക്കാർ ആശുപത്രികളിൽ നിന്നും ബയോ മെഡിക്കൽ വേസ്റ്റ് പൊതു ബയോ മെഡിക്കൽ സംസ്കരണ സംവിധാനമായ 'IMAGE', പാലക്കാട് വഴിയാണ് നിർമ്മാർജ്ജനം ചെയ്യുന്നത്. 'IMAGE' -ൽ ചേരാത്ത വൻകിട ആശുപത്രികളിൽ സ്വന്തം സംവിധാനം നിലവിലുണ്ട്. 23 പി.എച്ച്.സി കളും 100 സി.എച്ച്.സി കളും 'IMAGE' വഴി ബയോ മെഡിക്കൽ വേസ്റ്റ് നിർമ്മാർജ്ജനം ചെയ്യുന്നു. |
| (ബി) സംസ്ഥാനത്തെ പി.എച്ച്.സി/ സി.എച്ച്.സികളിൽ വേസ്റ്റ് സംസ്കരിക്കുന്ന സംവിധാനങ്ങൾ നിലവിലില്ല എന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | |
| (സി) ബയോമെഡിക്കൽ വേസ്റ്റുകൾ സുരക്ഷിതമായി സംസ്കരിക്കാത്തത് മാരക വ്യാധികൾക്ക് കാരണമായേക്കാവുന്നത് സംബന്ധിച്ചും അത് ഉണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ചും പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പഠനം നടത്തുവാനും മുൻകരുതലുകൾ എടുക്കുവാനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ ? | (സി) പരിസ്ഥിതി വകുപ്പ് പഠനം നടത്തിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**

4